# നീർത്തടസംരക്ഷണം – നമുക്ക സാധ്യമോ

സി. ആർ. എൻ.

വൻനഗരത്തിനടുത്തുള്ള ഒരു ഗ്രാമപഞ്ചായത്തിലെ ഒരു ഗ്രാമസഭായോഗം നടക്കുന്നു. ഉൽഘാടനം നിർവ്വഹിക്കാൻവേണ്ടി എത്തിച്ചേർന്നത്, നഗരത്തിന്റെ ആരാദ്ധ്യനായ മേയർ. മിതഭാഷിയെന്ന് പ്രസിദ്ധനായ രാഷ്ട്രീയ നേതാവ്. മേയറുടെ ഏസ്വമായ ഉൽഘാടനപ്രസംഗത്തിൽനിന്ന് "ഇത് സാധാരണ ഗ്രാമസഭയല്ല, സമഗ്രവികസന ഗ്രാമസഭയാണ്. സമഗ്രവികസനം എന്നതിന്റെ അർത്ഥം നീർത്തടാധിഷ്ഠിതവികസനം എന്നാണ്. ഈ ഭൂമിയിൽ ചെടികൾക്കും പൂക്കൾക്കും പക്ഷികൾക്കും മൃഗങ്ങൾക്കുമെല്ലാം മനുഷ്യനോടൊപ്പം തന്നെ ജീവിക്കാനവകാശമുണ്ട്. ഇവയൊന്നും ഒറ്റക്കുനിലനിൽക്കില്ല. ഒന്നിന്റെ നാശം മറ്റൊന്നിന്റേയും നാശത്തിലേക്കു നയിക്കും. പരസ്പരാശ്രിതം മാത്രമല്ല ഇവയെല്ലാം മണ്ണിലും ജലത്തിലും ആശ്രിതവുമാണ്. മനുഷ്യന്റെ നേട്ടത്തിനുവേണ്ടി ഇവയെ നശിപ്പിക്കുന്ന വികസനരീതികളാണ് പലപ്പോഴും നാം പിന്തുടർന്നുവന്നത്. ഇവയെ നശിപ്പിക്കുന്ന രീതി – തെറ്റായ വികസനരീതി മാറ്റാതെ നമുക്കു നിലനിൽപ്പില്ല. ജനകീയാസൂത്രണത്തിൽ ജനങ്ങളാണ് തീരുമാനങ്ങളെടുക്കേണ്ടതെന്നതിനാൽ അവരുടെ വികസന സമീപനം മാറ്റാനാണ് ഈ ഗ്രാമസഭ."ഇതാണ് ചുരുക്കം. അതേ ഗ്രാമസഭയിൽ 'എന്താണ് നീർത്തടാധിഷ്ഠിത വികസനം' എന്ന് ക്ലാസെടുക്കാൻ പോയതാണ് ഈ ലേഖകൻ. ഞാൻ പോലും അക്ഷരാർത്ഥത്തിൽ കോരിത്തരിച്ചുപോയി. ഒരു നഗരത്തിന്റെ പിതാവ്, അതിനേക്കാളേറെ ഒരു രാഷ്ട്രീയ നേതാവ് ഇതു പറയുന്നു. (ഇതിനുമുമ്പ് കേരളത്തിൽ ഇതു പറയാൻ കഴിഞ്ഞ ഒരൊറ്റ രാഷ്ട്രീയ നേതാവിനെയേ എനിക്കറിയാവൂ- ആശാൻ എന്ന കെ. വി. സുരേന്ദ്രനാഥ്) അൽഭുതപ്പെടാൻ ഇതിലേറെ എന്തുവേണം ? സന്ദർഭത്തിനനുസരിച്ച് എന്തും പറഞ്ഞ് കയ്യടി വാങ്ങുന്ന വ്യക്തിയല്ല ഈ രാഷ്ട്രീയ നേതാവ് എന്നറിയാം. പറയുന്നതിൽ അദ്ദേഹം വിശ്വസിക്കുന്നുമുണ്ട്. ഇതുകൊണ്ടുതന്നെ അൽഭുതത്തോടൊപ്പം സന്തോഷവും തോന്നി.

ഇന്നോളം നാം കണ്ടും കേട്ടും പരിചയിച്ചിട്ടുള്ള വികസനമെന്താണ് ? കാട്ടു വെട്ടൽ, റോഡു വെട്ടൽ, അണകെട്ടൽ, മണ്ണും ചെളിയും മണലും വാരൽ, ചെമ്മീൻകെട്ടുകൾ, കുഴൽ/കുപ്പിവെള്ളം, രാസവളം, വാഹനങ്ങൾ, വിമാനത്താവളങ്ങൾ, സ്റ്റേഡിയങ്ങൾ, ഹോട്ടൽ, ബ്യൂട്ടിപാർലർ, ഫാസ്റ്റ് ഫുഡ്, ആശുപത്രികൾ.......... ഇങ്ങനെ പലതും. ഇവയാണ് വികസനമെന്ന് നമ്മെ ബോധ്യപ്പെടുത്താൻ കിണഞ്ഞു ശ്രമിച്ചു രാഷ്ട്രീയ നേതാക്കളും മാധ്യമരാജാക്കൻമാരും. വികസനമെന്നാൽ നേർരേഖയിൽ ഒരേ ദിശയിൽ (മുന്നോട്ടെന്നാണവരുടെ വിശ്വാസം) ഉള്ള ചലനമാണെന്ന് എല്ലാ നിറത്തിലുമുള്ള കൊടിക്കാരും വിശ്വസിച്ചു വരുന്നു. ഇനി പുറകോട്ടുപോക്ക് സാധ്യമല്ലെന്നാണ് അവരുടെ നിപാട്. സൈലന്റ്‌വാലി അണക്കെട്ടു വന്നാൽ നശിക്കുന്ന അപൂർവ്വ ജൈവവൈവിധ്യത്തെക്കുറിച്ചുമൊക്കെ പറഞ്ഞിരുന്നവരെ അങ്ങേയറ്റം പുച്ഛിച്ചുകൊണ്ട് "സിംഹവാലൻകുരങ്ങിനാണോ മനുഷ്യനേക്കാൾ വില ?"എന്നും മറ്റും ചോദിക്കുമായിരുന്നു. അതിനാംപുറമേ അവരെ വികസന വിരുദ്ധർ, താടിക്കാർ, മരപ്രേമികൾ തുടങ്ങി വിദേശചാരൻമാർ എന്നുവരെ വിളിച്ചാക്ഷേപിച്ചിരുന്നു. അവരിൽ ചിലർ എങ്ങിനെ ഇതുപോലെ മാറിപ്പോയി?

അനുഭവം അവരെ മാറ്റിയതാണ്. തങ്ങളുടെ വികസനരീതി ഇന്നു വഴിമുട്ടി നിൽക്കുന്നതായി അവർ കാണുന്നു. കടുത്ത ചൂടും വരണ്ട ഭൂമിയും കുടിവെള്ള ക്ഷാമവും ചിലയിടങ്ങളിൽ വെള്ളക്കെട്ടും കൊതുകും മാലിന്യക്കൂമ്പാരങ്ങളും മാരകരോഗങ്ങളും മരുന്നാശ്രിതത്വവും ഗതാഗതകുരുക്കുകളും ......ഇവയെ പതിന്മടങ്ങ് ഗുരുതരമാക്കുന്ന പുത്തൻ സാമ്പത്തിക നയങ്ങളും ....."ഈ സൗകര്യങ്ങളില്ലാതെ നിങ്ങൾക്ക് ജീവിക്കാനാകുമോ ? "എന്നും"ഇവക്കൊക്കെ എന്തു ബദലുകളാണ് നിങ്ങൾക്കുള്ളത്?"എന്നും മറ്റും മുട്ടാചോദ്യം ചോദിക്കുന്നവരോട് ഈ പ്രശ്നങ്ങൾക്കെന്തു പരിഹാരം എന്നു തൽക്കാലം ചോദിക്കുന്നില്ല. മറിച്ച് "കുടിവെള്ളത്തിനും ശുദ്ധവായുവിനും എന്തു ബദൽ?" എന്നു ചോദിക്കാതെയും വയ്യ.

## ജനകീയാവശ്യങ്ങൾ

ഈ വികസനത്തിൽനിന്നും ലാഭം കൊയ്യുന്ന അഴിമതിക്കാരെ തൽക്കാലം മറക്കാം. വളരെ ആത്മാർത്ഥതയോടെ ഇതു നടപ്പിലാക്കിയിരുന്നവർ തന്നെ വിശ്വസിക്കുന്നതും പറയുന്നതുമായ ഒരു ന്യായമുണ്ട് "ജനങ്ങൾക്കിതാണാവശ്യം. ജനകീയാവശ്യങ്ങൾക്കെതിരായി ഞങ്ങൾ ഒരു പ്രതിനിധികൾക്കെന്തു ചെയ്യാനാവും."ഇതിൽ ഒരൽപ്പം സത്യവുമുണ്ട്. സാമൂഹ്യവിരുദ്ധവും പരിസ്ഥിതി നശിപ്പിക്കുന്നതുമായ ഈ വികസനത്തെ ജനകീയാവശ്യമാക്കി ഉയർത്തിക്കൊണ്ടുവന്നതിന്റെ ഉത്തരവാദിത്തം കുത്തക മാധ്യമങ്ങൾക്കാണെന്നു പറയണം. രാഷ്ട്രീയ നേതാക്കൾ തന്നെയും ഈ ആശയങ്ങൾക്കടിമകളാണല്ലോ. ആഗോളവൽക്കരണത്തെ അടിമുടി എതിർക്കുന്നുവെന്നവകാശപ്പെടുന്ന ഇടതുപക്ഷക്കാർക്കു പോലും ഐ. ടിയും ടൂറിസവും വിമാനത്താവളവും ജൈവസാങ്കേതികവിദ്യയുമില്ലാതെ വികസനമില്ലല്ലോ. 'മലയാളമനോരമ'യുടെ രാഷ്ട്രീയ വീക്ഷണത്തിന്റെ എതിർധ്രുവത്തിൽ നിൽക്കുന്നവരുടേയും വികസനവീക്ഷണം മനോരമയുടേതാണ്. വികസനത്തിന്റെ അജണ്ട തയ്യാറാക്കുന്നതും മനോരമയാണ്.

## അധികാരവികേന്ദ്രീകരണം

ഇന്ത്യയിലെ മറ്റേതു സംസ്ഥാനങ്ങളെ അപേക്ഷിച്ചും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അധികാരങ്ങളും വിഭവങ്ങളും കൈമാറ്റം ചെയ്യപ്പെട്ടത് കേരളത്തിലാണ്. ശരാശരി നാൽപ്പതിനായിരം ജനസംഖ്യയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് പ്രതിവർഷം അമ്പതുലക്ഷം രൂപ ലഭിച്ചു. നിർവ്വഹണത്തിനാവശ്യമായ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കി. ജനപ്രതിനിധികളെ തിരിച്ചുവിളിക്കാൻ തുടങ്ങിയ അപൂർവ്വം കാര്യങ്ങളൊഴിച്ചാൽ ഗ്രാമസഭകൾക്ക് ഏറെ അധികാരങ്ങൾ ലഭിച്ചു. തദ്ദേശീയ വികസനം ഏതു രീതിയിലാണെന്നു തീരുമാനിക്കാൻ അവർക്കാകും. ഗ്രാമസഭയിൽ വലിയൊരു വിഭാഗം പങ്കെടുക്കുന്നില്ലെന്നതു മാത്രമല്ല, പങ്കെടുക്കുന്നവരുടെ വികസനസങ്കൽപ്പം മുമ്പുപറഞ്ഞതുതന്നെയാണുതാനും. ഏതു പാടത്തിനുനടുക്കുകൂടിയും റോഡുണ്ടാക്കണം, പാടവും കുളവും കായലും ചതുപ്പും നികത്തണം, കുടിവെള്ളം പൈപ്പിൽക്കൂടിമാത്രം വരണം, കൃഷിയേക്കാൾ പ്രാധാന്യം ഷോപ്പിങ് കോംപ്ലക്സാണ്, മാലിന്യം ഒന്നിച്ചെടുത്ത് (മറ്റെവിടെയെങ്കിലും) കൊണ്ടുപോയി സംസ്കരിക്കണം......തുടങ്ങിയവതന്നെ. ഇത് ഭാവിയിലെ മാത്രമല്ല വർത്തമാനകാലത്തേയും ജീവിതം ദുഃസഹമാക്കുന്നു എന്നു കാണാൻ കൂട്ടാക്കുന്നില്ല. അറിഞ്ഞാൽത്തന്നെ, "തൽക്കാലം ഇങ്ങനെ പോട്ടെ" എന്നു പറഞ്ഞൊഴിയുന്നു.

തുടർച്ച 5ൽ

**ഏജൻസി**

'കേരളീയം' വിതരണമില്ലാത്ത സ്ഥലങ്ങളിൽ ഏജൻസി നൽകുന്നതാണ്. 25% കമ്മീഷൻ കഴിച്ച് തുക എം. ഒ/ഡി.ഡി. അയച്ച് ആവശ്യപ്പെടുക. പത്ര/മാസികാ ഏജൻറുമാർക്ക് മുൻഗണന.

സർക്കുലേഷൻ മാനേജർ,
'കേരളീയം', തൃശ്ശൂർ- 4
ഫോൺ: 0487-382638,
0488-720144

Deepika Press, kochi for

# നീർത്തടസംരക്ഷണം – നമുക്കു സാധ്യമോ

6-ാം പേജിൽ നിന്നും തുടർച്ച

പ്രകൃതിയേയും പരിസ്ഥിതിയേയും നശിപ്പിക്കുന്ന വികസനസങ്കൽപ്പങ്ങൾ തന്നെ ജനങ്ങൾ തുടർന്നുവെന്നതിനാൽ അധികാര വികേന്ദ്രീകരണം കൊണ്ട് സ്ഥാപിതതാൽപ്പര്യക്കാർക്കും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും കാര്യമായ ബുദ്ധിമുട്ടുണ്ടായില്ല. മൂന്നു വർഷത്തെ ജനകീയാസൂത്രണം കൊണ്ട് സംസ്ഥാനത്ത് പതിനാറായിരം കിലോമീറ്റർ റോഡു പണി നടന്നു. ഇതിൽ പുതിയ റോഡുകൾ മുതൽ പഴയവ ടാറിങ്ങും കോൺക്രീറ്റും വരെയുണ്ടായിരുന്നു. ഇതേ കാലത്ത് മൂന്നു ലക്ഷം പേർക്ക് വീടുണ്ടാക്കിക്കൊടുത്തു. വേറെ ഒട്ടേറെ കെട്ടിടങ്ങളും. റോഡുമൂലം പരിസ്ഥിതിക്കുണ്ടായ നാശം നമുക്കറിയാം. ഭവനം എന്നത് അടുക്കളയും മുറികളും മാത്രമാവുന്നതും അവയ്ക്ക് കക്കൂസും ജലലഭ്യതയും ജലനിർഗമനമാർഗങ്ങളും ഇല്ലാതിരിക്കുന്നതും മാത്രമല്ല പ്രശ്നം. ഇതിനായി പാടം നികത്തുന്നതും കളിമണ്ണും മണലും ഉപയോഗിക്കുന്നതും അതുവഴി ജലക്ഷാമവും വെള്ളക്കെട്ടുമുണ്ടാക്കുന്നതും അവയ്ക്കുപരിഹാരമായി കുഴൽക്കിണറുകളും കാനകളും നിർമ്മിക്കുന്നതുമാണ്. പദ്ധതിനിർവ്വഹണം താരതമ്യേന കാര്യക്ഷമമായി നിർവ്വഹിക്കപ്പെടുന്നുവെന്നതിനാൽ ഇതു കുറേക്കൂടി ഫലപ്രദമായി പരിസ്ഥിതിനാശം വരുത്തുന്നുവെന്ന് പറയേണ്ടിവരും. ജനകീയാംഗീകാരം മാത്രമല്ല പങ്കാളിത്തംകൂടി ഈ വിനാശത്തിനു ലഭിക്കുന്നു.

## എതിർപ്പുകൾ

ഇതിനെതിരായി ഒറ്റപ്പെട്ട ശബ്ദങ്ങൾ ആദ്യം തന്നെ ഉയർന്നുവന്നിട്ടുണ്ട്. പക്ഷെ അധികാരവികേന്ദ്രീകരണം തന്നെ നഷ്ടപ്പെട്ടുപോകുമോയെന്ന ഭയം കൊണ്ട് പലരും പുറത്ത് പറഞ്ഞില്ലെന്നുമാത്രം. ഓരോ പദ്ധതിക്കും സാങ്കേതികാനുമതി നൽകുമ്പോൾ പാരിസ്ഥിതിക പ്രത്യാഘാതം ഉണ്ടോയെന്ന ചോദ്യത്തിന് മറുപടിയെഴുതാതെയും ചിലപ്പോൾ 'ബാധകമല്ല' എന്നെഴുതിയും ഒഴിഞ്ഞുമാറുകയാണ് പതിവ്. എല്ലാ പദ്ധതികളുടേയും കൂടെ 'സമഗ്രം' എന്നൊരു വാക്കുചേർത്തുകൊണ്ട് ആസൂത്രണസമിതിയെ കബളിപ്പിക്കുമെന്നല്ലാതെ, സ്ഥലപരമോ പ്രശ്നപരമോ സമയപരമോ ആയ ഉദ്ഗ്രഥനവും പരസ്പരം ബന്ധവും ഉണ്ടാകാറില്ല. "മുൻപിൻ ബന്ധങ്ങളുടെ അഭാവവും സർവ്വോപരി പരിമിതമായ പ്രകൃതിവിഭവങ്ങളുടെ ആസൂത്രിതമായ വിനിയോഗത്തിലെ പരിമിതികളും നിലനിൽക്കുന്നു" എന്ന് അഞ്ചാം വർഷത്തേയ്ക്കുള്ള 'സമഗ്ര വികസന ഗ്രാമസഭ'ക്കുവേണ്ടി ആസൂത്രണബോർഡ് തന്നെ പുറത്തിറക്കിയ കൈപ്പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു.

## നീർത്തടാധിഷ്ഠിത വികസനം

ഇത്തരം പലതരം പരിപാടികളെ മറികടക്കുന്നതിനുവേണ്ടിയാണ് പ്രകൃതിയെ ആശ്രയിക്കുന്നതും ദീർഘകാല പരിപ്രേക്ഷ്യത്തോടുകൂടിയതും ഭൂപ്രകൃതി-ജലസമ്പത്ത്-സസ്യങ്ങൾ-മനുഷ്യവിഭവം എന്നിവയെ പരസ്പരാശ്രിതമായി കാണുന്നതുമായ 'നീർത്തടാധിഷ്ഠിതവികസനം' എന്ന സമീപനം സ്വീകരിച്ചത്. ഒരു നീർത്തടത്തിൽ വരുന്ന വ്യതിയാനം അതിന്റെ മറ്റുഭാഗങ്ങളേയും ബാധിക്കുമല്ലോ.

നീർത്തടത്തിന്റെ വിസ്തീർണ്ണമനുസരിച്ച് അവയെ വൻനീർത്തടം തുടങ്ങി സൂക്ഷ്മനീർത്തടം വരെ അഞ്ചായി തിരിച്ചു. ഓരോ ബ്ലോക്കിനും ഒരു നീർത്തടമാസ്റ്റർപ്ലാൻ തയ്യാറാക്കാലാണ് അന്തിമലക്ഷ്യം. പിന്നീട് നടക്കുന്ന വികസനങ്ങളെല്ലാം ആ നീർത്തടപ്ലാനിനെ ആശ്രയിച്ചായിരിക്കണം. ഈ മാസ്റ്റർപ്ലാൻ നിർമ്മാണഘട്ടത്തിൽത്തന്നെ ബഹുജനങ്ങളുടെ വിപുലമായ പങ്കാളിത്തം ഉറപ്പുവരുത്തണം എന്നുതന്നെയാണ് പ്രധാനം.

സംസ്ഥാനതല ഫാക്കൽട്ടി പരിശീലനം നേടിയ ഒരു കൂട്ടമാളുകളാണ് പ്രാഥമികമായി ബ്ലോക്കുതലനീർത്തട രേഖയുണ്ടാക്കിയത്. ഓരോ നീർത്തടത്തിന്റേയും വിശദാംശങ്ങൾ അതു കടന്നുപോകുന്ന വാർഡുകളിലെ ഗ്രാമസഭകളിൽ വിശദമായി ചർച്ച ചെയ്യപ്പെടുന്നു. നീർത്തടത്തിന്റെ സാങ്കേതിക പരിശോധന, കൃഷിയും അനുബന്ധ ലേഖകളും, കുടിവെള്ളം, വനിതാവികസനം, പട്ടികജാതിവർഗ്ഗ ക്ഷേമം എന്നിങ്ങനെ അഞ്ചു ഗ്രൂപ്പുകളായി തിരിഞ്ഞാണ് ചർച്ച നടത്തുന്നത്. ഓരോ ഗ്രാമസഭയിലേയും ഗ്രൂപ്പുകളിൽനിന്നും തെരെഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ പഞ്ചായത്തുതലത്തിൽ കൂടിയിരുന്ന് ഇവയെ നീർത്തടാടിസ്ഥാനത്തിൽ ക്രോഡീകരിക്കുന്നു. ഈ ഗ്രൂപ്പിനെ നീർത്തടപാനസംഘം എന്നുപറയുന്നു. ഇവർ നീർത്തടത്തിനു നെടുകേയും കുറുകേയും പലപ്രാവശ്യം സഞ്ചരിച്ച് വിവരശേഖരണം നടത്തണം. ഇതുകൂടി ചേർത്ത് ഓരോ നീർത്തടത്തിന്റേയും സമ്പൂർണ്ണ പ്ലാൻ ഉണ്ടാക്കണം. നീർത്തടപ്രദേശത്തെ ജനങ്ങൾ ഒരുമിച്ചുണ്ടാക്കുന്ന സമിതികൾക്കാണ് മേലിൽ ആ നീർത്തടത്തിലെ വികസനത്തിനും സംരക്ഷണത്തിനും അധികാരം.

വരും വർഷങ്ങളിലേക്കുള്ള പദ്ധതിരൂപീകരണത്തിന് ഈ പ്ലാൻ നിർണായകങ്ങളായിരിക്കും. ഇതിനെ നശിപ്പിക്കുന്ന വികസനപദ്ധതികൾക്കെതിരെ പ്രതികരിക്കാൻ ഒരു വിഭാഗമെങ്കിലും സന്നദ്ധരാകും എന്നു പ്രതീക്ഷിക്കുന്നു. ഇതിന്റെ ചില ലക്ഷണങ്ങൾ കാണാനുണ്ട്. ആദ്യഘട്ടത്തിൽ 'നീർത്തടാധിഷ്ഠിതം' എന്നു വാക്കുകേട്ടാൽ ശ്രദ്ധിക്കാതിരുന്നവർ പലരും ഇപ്പോൾ ശ്രദ്ധിക്കുന്നുണ്ട്. കുടിവെള്ളം, മാലിന്യം, കൃഷിനാശം, കൊതുക് തുടങ്ങിയ പല പ്രശ്നങ്ങൾക്കും ഈ സമീപനത്തിലൂടെയേ പരിഹാരമുള്ളൂ എന്ന തോന്നൽ കുറേ പേർക്കുണ്ടായിട്ടുണ്ട്. അതിന്റെതന്നെ ഭാഗമാണ് നേരത്തേപറഞ്ഞ നഗരപിതാവിന്റെ പ്രശ്നവും,

## അശുഭചിന്തകൾ

ഈ രജതരേഖ വളരെ നേർത്തതാണ്. കാർമേഘങ്ങളാണധികവും. ഒരു വശത്ത് ഈ ചർച്ചകൾ തകൃതിയായി നടക്കുമ്പോഴും മണ്ണും ചെളിയും മണലും ഖനനവും കുഴൽക്കിണർ കുഴിക്കലും നടക്കുന്നു. അന്താരാഷ്ട്ര വിമാനത്താവളം, സ്റ്റേഡിയം, നാലും എട്ടും വരിപ്പാതകൾ, വൻതാപനിലയങ്ങൾ, പൈപ്പ്ലൈനുകൾ, ടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയവയുടെ നിർമ്മാണങ്ങളിലൊന്നും അധികാരം താഴെത്തട്ടിലല്ല. അവയൊക്കെത്തന്നെ അനേകം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കീഴിലെ നീർത്തടത്തെ തകർക്കുന്നവയാണ്.

ലോകത്തെവിടെ ഇലയനങ്ങിയാലും അറിയുന്ന നമ്മുടെ കത്തകപത്രങ്ങൾ, ഗ്രാമങ്ങളിൽ ഇത്രയേറെ ചർച്ചചെയ്യപ്പെടുന്ന നീർത്തടാധിഷ്ഠിത വികസനത്തെപ്പറ്റി ഒരക്ഷരം പറയുന്നില്ല! അതുകൊണ്ടുതന്നെ മദ്ധ്യവർഗ്ഗത്തിൽപ്പെട്ട ബഹുഭൂരിപക്ഷവും ഗ്രാമസഭകളിൽ പങ്കെടുക്കുന്നുമില്ല. ഇതിനു പുറമേ ലോകബാങ്കും മറ്റും സമാന്തരമായി രംഗത്തുകൊണ്ടുവരുന്ന പദ്ധതികളും ഒരു വിഭാഗത്തിനിടയിൽ സംശയം പടർത്തുന്നുണ്ട്. ഇതെല്ലാമാണെങ്കിലും നാളെയും ഇവടെത്തന്നെ ജീവിക്കണം എന്നാഗ്രഹിക്കുന്നവർക്ക് എന്തെങ്കിലുമൊരു പ്രതീക്ഷയില്ലാതെ വയ്യല്ലോ. അതുകൊണ്ടുതന്നെ 'നീർത്തടാധിഷ്ഠിത വികസനം' മുന്നോട്ടുപോകുമെന്നു കരുതാം.